# ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം

തൈക്കാട്, തിരുവനന്തപുരം-14.
ഇ-മെയിൽ : director.ims@kerala.gov.in ഫോൺ നം : 0471-2323960

വെബ്സൈറ്റ് : www.ims.kerala.gov.in

No: S2- 3309/2026/DIMS തീയതി :15-09-2026

## സർക്കുലർ

വിഷയം :- ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് – സ്പെഷ്യാലിറ്റി ചികിത്സ – ESISKL APPLICATION മുഖേന നൽകുന്ന റഫറൻസും ബിൽ പ്രോസസിംഗും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :-

1. 24/01/2026 തീയതിയിലെ S2-4682/2025/DIMS നമ്പർ സർക്കുലർ
2. 21/03/2026 തീയതിയിലെ S2-921(A)/2026/DIMS നമ്പർ കത്ത്
3. 08/04/2026 തീയതിയിലെ S2-917/2026/DIMS നമ്പർ കത്ത്
4. 23/07/2026 തീയതിയിലെ വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തിയ ഓൺലൈൻ മീറ്റിംഗ്
5. 18/08/2026 തീയതിയിൽ ഈ ഓഫീസിൽ നിന്നും അയച്ച ഇ മെയിൽ
6. 26/09/2017 തീയതിയിലെ CGHS ഡയറക്ടറുടെ Z-15025/74/2017/DIR/CGHS/EHS നമ്പർ ഓഫീസ് മെമ്മോറാണ്ടം
7. 26/07/2012 തീയതിയിലെ CGHS ഡയറക്ടറുടെ F.NO.P-3762/2011-12/R&H/CGHS/NZ നമ്പർ ഓഫീസ് മെമ്മോറാണ്ടം
8. 21/08/2014 തീയതിയിലെ CGHS ഡയറക്ടറുടെ 536/2012/R&H/CGHS നമ്പർ ഓഫീസ് മെമ്മോറാണ്ടം

...........■■■

ഈ വകുപ്പ് സ്പെഷ്യാലിറ്റി ചികിൽസയ്ക്കായി എംപാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലേക്ക് നൽകുന്ന ഓൺലൈൻ റഫറൻസും അനുബന്ധ ബിൽ പ്രോസസിംഗും സംബന്ധിച്ച് മേൽ സൂചന (1), (2), (3) പ്രകാരം മാർഗനിർദേശങ്ങൾ നൽകിയിരുന്നു. തുടർന്നും ഓൺലൈൻ ബിൽ പ്രോസസിംഗിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനും മുൻപ് നൽകിയ ചില നിർദേശങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായും 23/07/2026 ൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ, ജോയിന്റ് ഡയറക്ടർ, ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടുമാർ, ബിൽ പ്രോസസ്സിംഗ് ഏജൻസി പ്രതിനിധി, എംപാനൽമെന്റ് സെക്ഷൻ ക്ലർക്ക് എന്നിവർ ചേർന്ന് ഓൺലൈൻ മീറ്റിംഗ് നടത്തുകയും പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ, ഓൺലൈൻ ബിൽ പ്രോസസിംഗുമായി ബന്ധപ്പെട്ട് മുൻപ് നൽകിയ നിർദേശങ്ങൾക്ക് കൂടാതെ ചുവടെ പരാമർശിച്ചിരിക്കുന്ന മാർഗ നിർദേശങ്ങൾ കൂടി എല്ലാ എംപാനൽഡ് ആശുപത്രികളും ഇ.എസ്.ഐ.എസ് റഫറൽ കേന്ദ്രങ്ങളും കൃത്യമായി പാലിക്കണമെന്ന് അറിയിക്കുന്നു.

**1. അൺലിസ്റ്റഡ് ഇംപ്ലാന്റുകളുടെ കോസ്റ്റ് എസ്റ്റിമേഷൻ അപ്രൂവൽ :**

എംപാനൽഡ് ആശുപത്രികൾ സമർപ്പിച്ച നിരവധി ക്ലെയിമുകളിൽ അൺലിസ്റ്റഡ് ഇംപ്ലാന്റുകൾക്ക് കോസ്റ്റ് എസ്റ്റിമേഷൻ അപ്രൂവൽ ഇല്ലെന്ന കാരണത്താൽ ബി.പി.എ ഏജൻസി തടസ്സവാദങ്ങൾ ഉന്നയിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ബി.പി.എയുമായി നടത്തിയ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ, നിശ്ചിത സീലിംഗ് നിരക്കുകളുള്ള ലിസ്റ്റഡ് ഇംപ്ലാന്റുകൾക്ക് (TKR,THR,MESH, IOL), സൂചന (6), (7), (8) പ്രകാരമുള്ള CGHS ഓഫീസ് മെമ്മോറാണ്ടത്തിൽ പരാമർശിച്ചിട്ടുള്ള സീലിംഗ് നിരക്കുകൾ പ്രകാരം തുക അനുവദിച്ച് നൽകുന്നതാണ്.

മറ്റെല്ലാ അൺലിസ്റ്റഡ് ഇംപ്ലാന്റുകൾക്കും **എം.ആർ.പി യുടെയോ അല്ലെങ്കിൽ ഇൻവോയ്സ് തുകയുടെയോ , ഇതിൽ ഏതാണോ കുറവ്, അതിന്റെ 85% തുക** അനുവദിച്ച് നൽകുന്നതാണ്.

കൂടാതെ, അൺലിസ്റ്റഡ് ഇംപ്ലാന്റുകൾ ഉൾപ്പെടുന്ന ക്ലെയിമുകൾക്കൊപ്പം കോസ്റ്റ് എസ്റ്റിമേഷൻ അപ്രൂവൽ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടത് ബി.പി.എ നിർബന്ധമാക്കിയിട്ടുണ്ട്. അതോടൊപ്പം, നിർദ്ദിഷ്ട ഇംപ്ലാന്റുകൾക്ക് തത്തുല്യമായ ഇന്ത്യൻ നിർമ്മിത ബ്രാൻഡുകൾ (Indian brands) വിപണിയിൽ ലഭ്യമാണെങ്കിൽ യാതൊരു കാരണവശാലും വിദേശ നിർമ്മിത ഇംപ്ലാന്റുകൾ (Imported brands) ഉപയോഗിക്കാൻ പാടുള്ളതല്ലെന്ന് കർശനമായി നിർദ്ദേശിക്കുന്നു. അതിനാൽ കോസ്റ്റ് എസ്റ്റിമേഷൻ അപ്രൂവൽ സംബന്ധിച്ച് ചുവടെ പരാർശിച്ചിരിക്കുന്ന കാര്യങ്ങൾ എംപാനൽഡ് ആശുപത്രികളും ഇ എസ് ഐ എസ് ആശുപത്രികളും

കൃത്യമായി പാലിക്കേണ്ടതാണ്.

**17/08/2026-ന് ശേഷം** സമർപ്പിക്കുന്ന ക്ലെയിമുകളിൽ ₹5,000/- ൽ കൂടുതൽ വിലയുള്ള ഏത് അൺലിസ്റ്റഡ് ഇംപ്ലാന്റുകൾക്കും, ചികിത്സാ വേളയിൽ തന്നെ രോഗിയെ റഫർ ചെയ്ത ബന്ധപ്പെട്ട ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിൽ നിന്നും മുൻകൂറായി കോസ്റ്റ് എസ്റ്റിമേഷൻ അപ്രൂവൽ വാങ്ങിയിരിക്കേണ്ടതാണ്. ക്ലെയിമുകളിൽ തുക കുറവ് ചെയ്യുകയോ ക്ലെയിം നിരസിക്കുകയോ ചെയ്യുന്നത് ഒഴിവാക്കുന്നതിനായി ടി അപ്രൂവൽ സർട്ടിഫിക്കറ്റ് ESISKL ആപ്ലിക്കേഷനിൽ ക്ലെയിമിനൊപ്പം നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ടതാണ്. 17/08/2026 തീയതിയിലോ അതിന് മുൻപോ സമർപ്പിച്ച കോസ്റ്റ് എസ്റ്റിമേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതിരുന്നതും നിലവിൽ തീർപ്പാക്കാതെ കിടക്കുന്നതുമായ അൺലിസ്റ്റഡ് ഇംപ്ലാന്റ് ക്ലെയിമുകൾക്ക്, റഫർ ചെയ്ത ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടിൽ നിന്നും കോസ്റ്റ് എസ്റ്റിമേഷൻ അപ്രൂവൽ സംബന്ധിച്ച വെയ്‌വർ ലെറ്റർ (Waiver Letter) വാങ്ങി ബി.പി.എ ഉന്നയിച്ച ക്വറികൾക്ക് മറുപടിയായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

17/08/2026-ന് ശേഷമുള്ള കേസുകൾക്കായി എംപാനൽഡ് സെന്ററുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളിൽ, ഔദ്യോഗിക മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ച് ബന്ധപ്പെട്ട ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ടുമാർ സമയബന്ധിതമായി കോസ്റ്റ് എസ്റ്റിമേഷൻ അപ്രൂവലുകൾ പരിശോധിച്ച് നൽകേണ്ടതാണ്. തത്തുല്യമായ ഇന്ത്യൻ ബ്രാൻഡുകൾ വിപണിയിൽ ലഭ്യമായിരിക്കെ വിദേശ ബ്രാൻഡുകൾ ഉപയോഗിച്ചിട്ടില്ലെന്ന് സൂപ്രണ്ടുമാർ ഉറപ്പുവരുത്തേണ്ടതാണ്. കോസ്റ്റ് എസ്റ്റിമേഷൻ സർട്ടിഫിക്കറ്റുകൾ ഇല്ലാതെ 17/08/2026 വരെ സമർപ്പിച്ച എല്ലാ ക്ലെയിമുകൾക്കും, എംപാനൽഡ് ആശുപത്രികളിൽ നിന്നും ഔദ്യോഗിക അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ക്ലെയിം ക്ലിയറൻസ് സുഗമമാക്കുന്നതിനായി ബന്ധപ്പെട്ട ഇ.എസ്.ഐ ആശുപത്രി സൂപ്രണ്ട് വെയ്‌വർ ലെറ്റർ നൽകേണ്ടതാണ്.

**2. പെൻഡിംഗ് ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും ഡിലേ വെയ്‌വറും ( 2026 ഒക്ടോബർ 1) :**

നിലവിലുള്ള ക്ലെയിം ബാക്ക്‌ലോഗ് വ്യവസ്ഥാപിതമായി തീർപ്പാക്കുന്നതിനും (SOP) മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനുമായി പെൻഡിംഗ് ക്ലെയിമുകൾ കാലതാമസത്തിനുള്ള വെയ്‌വർ ലെറ്റർ (Delay Waiver) ഇല്ലാതെ സമർപ്പിക്കുന്നതിനുള്ള അന്തിമ തീയതി **2026 ഒക്ടോബർ 1** ആയി തീരുമാനിച്ചിട്ടുണ്ട്. അതിനാൽ എല്ലാ എംപാനൽഡ് ആശുപത്രികളും തങ്ങളുടെ നിലവിലുള്ള എല്ലാ പെൻഡിംഗ് ഓൺലൈൻ ക്ലെയിമുകളും 2026 ഒക്ടോബർ 1-നോ അതിന് മുൻപോ ആയി ESISKL പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതും, ടി ക്ലെയിമുകളുടെ ഫിസിക്കൽ ഹാർഡ് കോപ്പികൾ ബന്ധപ്പെട്ട റഫറിംഗ് കേന്ദ്രങ്ങളിൽ സമർപ്പിക്കേണ്ടതുമാണ്. ക്ലെയിമുകളിൽ എസ്.ഒ.പി, ഇ.എസ്.ഐ.സി, സി.ജി.എച്ച്.എസ് മാനദണ്ഡങ്ങൾ പ്രകാരമുള്ള എല്ലാ അനുബന്ധ രേഖകളും നിർബന്ധമായും ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. 2026 ഒക്ടോബർ 1-ന് ശേഷം,

നിശ്ചിത എസ്.ഒ.പി സമയപരിധി കഴിഞ്ഞതോ, മതിയായ രേഖകളോ ഇല്ലാത്ത യാതൊരു ക്ലെയിമുകളും ബി.പി.എ സ്വീകരിക്കുന്നതല്ല. പ്രസ്തുത ക്ലെയിമുകൾ സ്വീകരിക്കണമെങ്കിൽ എംപാനൽഡ് ആശുപത്രിയുടെ കൃത്യമായ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ റഫറിംഗ് അധികാരി നൽകുന്ന ഡിലേ വെയ്‌വർ സമർപ്പിക്കേണ്ടതാണ്.

കൂടാതെ ഇ.എസ്.ഐ ആശുപത്രികളിലെ/ഡിസ്പെൻസറിയിലെ എല്ലാ ഡോക്യുമെന്റ് റിസീവർ/വാലിഡേറ്റർ ലോഗിൻ ഉപയോഗിക്കുന്നവരും 2026 ഒക്ടോബർ 1-ന് മുൻപായി തങ്ങളുടെ ലോഗിനുകളിൽ പെൻഡിംഗിലുള്ള എല്ലാ ക്ലെയിമുകളും പരിശോധിച്ച് ക്ലിയർ ചെയ്യേണ്ടതും, അതിനുശേഷം എസ്.ഒ.പി സമയപരിധി കർശനമായി പാലിക്കേണ്ടതുമാണ്.

**3 . ഇ എസ് ഐ എസ് അപ്രൂവറുടെ ബിൽ വെരിഫിക്കേഷൻ സമയം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് :**

നിലവിൽ ഓൺലൈൻ ബിൽ പ്രോസസിംഗിനായി ഉപയോഗിച്ചു വരുന്ന എസ്.ഒ.പി യിൽ ബിൽ വെരിഫിക്കേഷനായി ഇ എസ് ഐ എസ് അപ്രൂവർക്ക് നൽകിയിരിക്കുന്ന ടേൺ എറൗണ്ട് ടൈം (TAT) നിലവിൽ 15 ദിവസമാണ്. എന്നാൽ ഇ എസ് ഐ എസ് അപ്രൂവർ ലോഗിനിൽ സംസ്ഥാനത്തെ എല്ലാ ഇ എസ് ഐ എസ് സ്ഥാപനങ്ങളിൽ നിന്നും അയക്കുന്ന ബില്ലുകൾ വെരിഫൈ ചെയ്യേണ്ടതിനാൽ ഇ എസ് ഐ എസ് അപ്രൂവർ ബിൽ വെരിഫിക്കേഷൻ സമയം നിലവിലുള്ള 15 ദിവസത്തിൽ നിന്നും 30 ദിവസമാക്കണമെന്ന് ജോയിന്റ് ഡയറക്ടർ( ഇ എസ് ഐ എസ് അപ്രൂവർ ) അറിയിക്കുകയുണ്ടായി. അതിൻ പ്രകാരം എസ്.ഒ.പി യിൽ ഇ എസ് ഐ എസ് അപ്രൂവർ ബിൽ വെരിഫിക്കേഷൻ സമയം നിലവിലുള്ള 15 ദിവസത്തിൽ നിന്നും 30 ദിവസമായി പരിഷ്കരിക്കാൻ തീരുമാനിച്ചിരിക്കുന്നു.

**4. ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം നടപ്പിലാക്കൽ :**

ESISKL ആപ്ലിക്കേഷനിൽ ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം ബി.പി.എ സജ്ജമാക്കിയിട്ടുണ്ട്. അതിനാൽ സുഗമമായ ഡിജിറ്റൽ വർക്ക്ഫ്ലോ ഉറപ്പുവരുത്തുന്നതിനായി എല്ലാ എംപാനൽഡ് ആശുപത്രികളും ഈ സംവിധാനം നിർബന്ധമായും പ്രയോജനപ്പെടുത്തേണ്ടതാണ്.

എന്നാൽ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് ക്ലെയിമുകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്താലും, അതോടൊപ്പം ക്ലെയിമുകളുടെ ഒറിജിനൽ ഫിസിക്കൽ ഹാർഡ് കോപ്പികൾ എംപാനൽഡ് ആശുപത്രികൾ ബന്ധപ്പെട്ട റഫറിംഗ് ഇ.എസ്.ഐ ആശുപത്രികളിൽ സമർപ്പിക്കേണ്ടതാണ് എന്നും അറിയിക്കുന്നു.

**4. ചികിത്സാ കാലാവധി നീട്ടുന്നതിനുള്ള ഓൺലൈൻ സംവിധാനം :**

ഇൻപേഷ്യന്റ് ചികിത്സാ കാലാവധി നീട്ടി വാങ്ങുന്നതിനായി റഫറിംഗ്

അതോറിറ്റിയിൽ നിന്നും അപ്രൂവൽ ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ഓൺലൈൻ സംവിധാനം (Extension of Stay Approval) നിലവിൽ ESISKL ആപ്ലിക്കേഷനിൽ ലഭ്യമാക്കിയിട്ടുണ്ട്. സമയബന്ധിതമായി എക്സ്റ്റൻഷൻ അപ്രൂവലുകൾ നേടുന്നതിനായി എല്ലാ എംപാനൽഡ് കേന്ദ്രങ്ങളും ഈ പോർട്ടൽ സംവിധാനം പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്. ഇ എസ് ഐ എസ് ആശുപത്രികളിൽ നിന്നും നൽകുന്ന റഫറൽ മുഖേന അഡ്മിറ്റാകുന്ന കേസുകളിലും എംപാനൽഡ് ആശുപത്രിയിൽ ഡയറക്ട് ആയി അഡ്മിറ്റ് ആകുന്ന കേസുകളിലും അഡ്മിറ്റാകുന്ന തീയതി മുതൽ ഓരോ 7 ദിവസത്തിലും Extension of Stay Approval ബന്ധപ്പെട്ട റഫറിംഗ് അതോറിറ്റിയിൽ നിന്നും വാങ്ങേണ്ടതാണ്.

**5. നിർബന്ധിത രേഖകളുടെയും സീൽ/ഒപ്പുകളുടെയും സൂക്ഷ്മപരിശോധന**

ക്ലെയിമുകൾ അപൂർണ്ണമായ രേഖകളോടും അവശ്യമായ സീലുകളും ഒപ്പുകളും ഇല്ലാതെയും ESISKL ആപ്ലിക്കേഷനിൽ അപ്ലോഡ് ചെയ്യപ്പെടുന്നതായി ബി.പി.എ റിപ്പോർട്ട് ചെയ്തിട്ടുണ്ട് (ഉദാഹരണത്തിന്: ഫോം പി1, ഫോം പി6 എന്നിവയിൽ ഐ.പി/ഗുണഭോക്താവിന്റെ ഒപ്പില്ലാതെയും റെഫലറൈസേഷൻ സർട്ടിഫിക്കറ്റിൽ ഹോസ്പിറ്റൽ സൂപ്രണ്ടിന്റെ ഒപ്പും സീലും ഇല്ലാതെയും സമർപ്പിക്കുന്നത് മുതലായവ)

അതിനാൽ എല്ലാ എംപാനൽഡ് ആശുപത്രികളും ക്ലെയിമുകൾ പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിന് മുൻപായി സമഗ്രമായ പ്രീ-സബ്മിഷൻ ഓഡിറ്റ് നടത്തേണ്ടതാണ്.

ബി.പി.എ / ഇ.എസ്.ഐ.സി തലത്തിൽ ക്ലെയിമുകളിൽ തുക കിഴിവ് ചെയ്യപ്പെടുകയോ നിരസിക്കപ്പെടുകയോ ചെയ്യുന്നത് ഒഴിവാക്കുന്നതിനായി, നിർദ്ദിഷ്ട ഫോമുകളിൽ ആവശ്യമായ എല്ലാ ഒപ്പുകളും സീലുകളും അനുബന്ധ രേഖകളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ബിൽ സെറ്റിൽമെന്റ് നടപടികൾ സുഗമമാക്കുന്നതിനു് മേൽപ്പറഞ്ഞ എല്ലാ നിർദ്ദേശങ്ങളും എല്ലാ സ്ഥാപന മേധാവികളും കൃത്യമായി പാലിക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു.

Digitally signed by
Rani Prasad
Date: 15-09-2026
15:22:02

ഡോ.റാണി പ്രസാദ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (ഇൻചാർജ്ജ്)

ഉള്ളടക്കം:-

1. 26/09/2017 തീയതിയിലെ CGHS ഡയറക്ടറുടെ Z-15025/74/2017/DIR/CGHS/EHS നമ്പർ ഓഫീസ് മെമ്മോറാണ്ടം
2. 26/07/2012 തീയതിയിലെ CGHS ഡയറക്ടറുടെ F.NO.P-3762/2011-12/R&H/CGHS/NZ നമ്പർ ഓഫീസ് മെമ്മോറാണ്ടം
3. 21/08/2014 തീയതിയിലെ CGHS ഡയറക്ടറുടെ 536/2012/R&H/CGHS നമ്പർ ഓഫീസ്

സ്വീകർത്താവ് :

1. എല്ലാ ഇ.എസ്.ഐ.എസ് ആശുപത്രി സൂപ്രണ്ടുമാർക്കും .
2. ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ,

   ഇ എസ് ഐ ഡിസ്പെൻസറി കാസർഗോഡ്
3. എല്ലാ എംപാനൽഡ് ആശുപത്രികൾക്കും.

പകർപ്പ് :-

1. ഫയൽ/കരുതൽ ഫയൽ